"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് BVR, DVS എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.27/2025/DMD തീയതി,തിരുവനന്തപുരം, 16-01-2025

---

പരാമർശം:- 1. സഉ(കൈ)നം.11/2024/ഡിഎംഡി തീയതി 04/10/2024

2. വയനാട് ജില്ലാകളക്ടറുടെ 06/01/2025 ലെ ഡിസിഡബ്ല്യൂവൈഡി/93/2025-ബി2(2) നമ്പർ കത്ത്

**ഉത്തരവ്**

മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

മേൽ ഭൂമികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് BVR, DVS എന്നിവ അടിയന്തരമായി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ) അനുവദിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ), കൽപ്പറ്റ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ) സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), കൽപ്പറ്റയ്ക്ക് അനുവദിക്കണമെന്ന് വയനാട് ജില്ലാകളക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് BVR, DVS എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ State Disaster Mitigation Fund (CSR) വഴി ലഭ്യമായിട്ടുള്ള തുകയിൽ നിന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), വയനാടിന് (DDO Code: 180161B018) അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

മേൽ തുക സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) യുടെ കാര്യാലയത്തിലെ വർക്ക്

ഡെപോസിറ്റ് അക്കൌണ്ട് ഹെഡ് 8443-00-117-99 ലേക്ക് അനുവദിക്കുന്നതിനുള്ള നടപടി മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
റവന്യൂ (ബി ) വകുപ്പ്
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 16-01-2025 14:01:55**
സെക്ഷൻ ഓഫീസർ